II ഇ. ബി. XIV - കേരള നിയമസഭ/XIII- 5

## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഡിസംബർ 04, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ശബരിമല വിഷയവുമായി ബന്ധപ്പെട്ട് സഭാ കവാടത്തിനു മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്ന എം.എൽ.എ.മാർക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് യു.ഡി.എഫ്. അംഗങ്ങൾ സ്വസ്ഥാനങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് സഭാനടപടികളോട് സഹകരിക്കുകയും ചെയ്തു.)

5(*121) റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ, റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി കേരള സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ത്രിപുര ചീഫ് സെക്രട്ടറി

ഉപാദ്ധ്യക്ഷനായും കേന്ദ്രസർക്കാർ 'ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ' രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര വാണിജ്യകാര്യ വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും കേരള, ത്രിപുര സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ അടങ്ങിയ പ്രസ്തുത സമിതി 27.06.2018-ന് അന്തിമ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിനെ കാർഷിക ഉല്പന്നമായി കണക്കാക്കുക, റബ്ബർ ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുകയും സ്വയംപര്യാപ്തതയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുക, സബ്സിഡി ഏർപ്പെടുത്തുക, റബ്ബർ വിലസ്ഥിരതാ പദ്ധതി 50:50 എന്ന തോതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുക, ഇറക്കുമതി ചുങ്കം പരിഷ്കരിക്കുകയും കാലികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക, അഡ്വാൻസ്ഡ് ഓതറൈസേഷൻ പദ്ധതി പ്രകാരമുള്ള ഇറക്കുമതി മാനദണ്ഡം പരിഷ്കരിക്കുകയും വിലത്തകർച്ചയുണ്ടാകുമ്പോൾ കുറഞ്ഞ തുക നിശ്ചയിക്കുകയും ചെയ്യുക, റോഡ് റബ്ബറൈസേഷന് സ്വാഭാവിക റബ്ബർ ഉപയോഗിക്കുക, റബ്ബർ പ്രോസസ്സിംഗ് പരിഷ്കരിക്കുക, റബ്ബർ തടി സംസ്കരണം പ്രോത്സാഹിപ്പിക്കുക, പഴയ തോട്ടങ്ങൾ പുനരുദ്ധരിക്കുക, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽ റബ്ബർ കൃഷിക്ക് പ്രാധാന്യം നൽകുക, റബ്ബർ മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഏകോപനവും

തൊഴിൽ ലഭ്യതയും ഉറപ്പാക്കുക തുടങ്ങിയവയാണ് ടാസ്ക് ഫോഴ്സിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളെന്ന് മന്ത്രി വ്യക്തമാക്കി. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റബ്ബർ പോളിസി നടപ്പാക്കുമെന്ന് കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. റബ്ബറിന് കിലോയ്ക്ക് 150/- രൂപ താങ്ങുവില നിശ്ചയിച്ചിട്ടുണ്ടെന്നും കർഷകർക്ക് നേരിട്ട് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം നടപ്പു സാമ്പത്തിക വർഷം 286.17 കോടി രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനായി സിയാൽ മോഡലിൽ കമ്പനി രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റബ്ബർ തോട്ടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുന്നതിനായി പഞ്ചായത്തുകൾക്ക് ഹെക്ടറിന് 12,200 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ടെന്നും റബ്ബർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്പെഷ്യൽ പാക്കേജ് അനുവദിച്ചിട്ടില്ലെന്നും നാഷണൽ ഹോർട്ടികൾച്ചർ മിഷന്റേതായി 93 കോടി രൂപയുടെ പദ്ധതി മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6(*122) <u>നാളികേര വികസന കൗൺസിൽ</u>

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരകൃഷിയുടെ വിസ്തൃതിയും നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, സംയോജിത

വിളപരിപാലന മുറകളിലൂടെ നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രസ്തുത കൗൺസിൽ യോഗം ചേർന്ന് ഓരോ വർഷവും ഗുണമേന്മയുള്ള 15 ലക്ഷം തെങ്ങിൻതൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുൽപ്പാദനശേഷിയുള്ളവ വച്ചുപിടിപ്പിക്കുക, ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ഉറപ്പുവരുത്തുക, തെങ്ങ് കൃഷി വ്യാപിപ്പിക്കുക, തെങ്ങിന്റെ ഉൽപ്പാദനക്ഷമത ഉയർത്തുക, അനുയോജ്യമായതും സ്ഥായിയായതും വിപണന സാധ്യത ഉള്ളതുമായ ഇനങ്ങൾ പ്രചരിപ്പിക്കുക, ബഹുവിള കൃഷി സമ്പ്രദായം നടപ്പിലാക്കിയും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും ഉൽപ്പാദനം വർദ്ധിപ്പിച്ച് കേരകർഷകരുടെ ജീവിത സുരക്ഷ ഉറപ്പാക്കുക, "കേര ഗ്രാമങ്ങൾ" ആരംഭിക്കുകയും നാളികേരത്തിന്റെ മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുകയും ചെയ്യുക, കേര കൃഷിയുടെ വിസ്തൃതിക്കനുസൃതമായി വാർഡുതല ക്ലസ്റ്ററുകൾ/പഞ്ചായത്തുതല കേര സമിതികൾ/ബ്ലോക്കുതല കേര ഫെഡറേഷൻ എന്നിവ രൂപീകരിക്കുക, വിളവെടുപ്പിനും കീടരോഗ പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുമായി "കേര കർമ്മ സേനകൾ" രൂപീകരിക്കുക, കാർഷിക

കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ എന്നിവയെ ശക്തിപ്പെടുത്തുക, സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുക, കിഫ്ബിയുടെ സഹായത്തോടെ നാളികേര അഗ്രോ പാർക്കുകളുടെ പ്രവർത്തനം ആരംഭിക്കുക, ദേശീയ-അന്തർദ്ദേശീയ വിപണികളിൽ നാളികേര ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുക, കർഷകരിൽനിന്നും ന്യായവിലയ്ക്ക് നാളികേരം സംഭരിക്കുക, ഉപോൽപ്പന്നമായ തൊണ്ട് ലഭ്യമാക്കുക, നീര ഉൾപ്പെടെയുള്ള കേരോല്പന്നങ്ങൾ ദേശീയ-അന്തർദ്ദേശീയ വിപണികളിൽ എത്തിക്കുക തുടങ്ങിയവയാണ് നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്ന് മന്ത്രി വ്യക്തമാക്കി. വില കുറയുമ്പോൾ നാളികേരം സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേര കർഷകന് വിള ഇൻഷ്വറൻസ് സ്കീമിലൂടെ തെങ്ങൊന്നിന് 3000/- രൂപ നഷ്ടപരിഹാരം നൽകുന്നുണ്ട്. 'കേരഗ്രാമം' പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം 520 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെന്നും 10 പ്രാദേശികതല തെങ്ങിൻ തൈ നഴ്സറികൾ ആരംഭിച്ചിട്ടുണ്ടെന്നും കയർ, തൊണ്ട് എന്നിവ അടിസ്ഥാനമാക്കിയുള്ള വ്യാവസായിക യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. മണ്ണാർക്കാട്-അലനെല്ലൂർ പഞ്ചായത്തിൽ ഉടൻതന്നെ കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതാണ്. കീടരോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയേറിയ തെങ്ങിൻ തൈകളുടെ ഉൽപ്പാദനം,

കീടരോഗ നിയന്ത്രണം, ഉൽപ്പാദനക്ഷമത സംബന്ധിച്ച ശാസ്ത്രീയ പഠനം എന്നിവയുമായി ബന്ധപ്പെട്ട ത്രിവത്സര പ്രോജക്റ്റുകൾ കാസർഗോഡ് പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം മുഖേന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടന്നുവരുന്നുണ്ട്. അഗ്രോ പാർക്ക് രൂപീകരിച്ച് നടപ്പിലാക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി 100.13 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. നീര ഉൽപ്പാദിപ്പിക്കുന്ന നാളികേര ഉത്പാദക സമിതി/ഫെഡറേഷനുകൾക്ക് കെട്ടിട യന്ത്ര സാമഗ്രികൾക്ക് ചെലവാകുന്ന തുകയുടെ 25% സബ്സിഡിയായി നൽകുന്നുണ്ടെന്നും കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തിരം നീര ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുന്നുണ്ടെന്നും തിരുവനന്തപുരത്ത് മാമത്തുള്ള വെർജിൻ കോക്കനട്ട് പ്ലാന്റിന്റെ പ്രവർത്തനം 2019 ജനുവരിയിൽ ആരംഭിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നെൽവയലുകൾ നികത്തുന്നതിനെതിരെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് കർശന നടപടിയെടുക്കുന്നതാണെന്നും മായം കലർന്ന വെളിച്ചെണ്ണ വില്പന നടത്തിയ 45 കമ്പനികളെ നിരോധിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*123) <u>ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ രൂപീകരിക്കാനുള്ള നീക്കം</u>

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ആക്ട്, 2018 നിലവിൽവരുന്നതോടുകൂടി സർവ്വകലാശാലകൾക്ക് ഗ്രാന്റ് നൽകാനുള്ള അധികാരം കേന്ദ്ര സർക്കാരിനും ലോൺ നൽകാനുള്ള അധികാരം 2016-ൽ രൂപീകൃതമായ ഹയർ എഡ്യൂക്കേഷൻ ഫണ്ടിംഗ് ഏജൻസിക്കുമായിരിക്കുമെന്നും ഇതുമായി ബന്ധപ്പെട്ടുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സർവ്വകലാശാലകളുടെ അക്കാദമിക സ്വയംഭരണാധികാരം നിലനിർത്തണമെന്നുള്ള സർക്കാരിന്റെ പ്രഖ്യാപിത നയം സ്ഥാപിച്ചെടുക്കാൻ സാദ്ധ്യമായ മാർഗ്ഗങ്ങളെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള കർമ്മ പദ്ധതി കിഫ്ബി ധനസഹായത്തോടെ ആവിഷ്കരിച്ച് വരികയാണ്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 240.9 കോടി രൂപയുടെയും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് 132 കോടി രൂപയുടെയും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ വിശദ പദ്ധതിരേഖ സർക്കാർ പരിശോധിച്ചു വരികയാണെന്നും അലിഗഢ് മുസ്ലീം

സർവ്വകലാശാലയ്ക്ക് സർക്കാർ നൽകിയ 400 ഏക്കറോളം സ്ഥലം തിരിച്ചുപിടിച്ച് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1560 മുതൽ 1945 വരെയുള്ള ചോദ്യങ്ങളിൽ 383 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)